**കാറ്റഗറി നമ്പർ : 019/2022**

**പാർട്ട് II (മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ )**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡിൽ നിശ്ചിത യോഗ്യതയുള്ള മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽ നിന്നും താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് ഓൺലൈൻ ആയി മാത്രം ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| 1 | സ്ഥാപനം | : | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് |
| 2 | ഉദ്യോഗപ്പേര് | : | ഡ്രൈവർ ഗ്രേഡ്-II |
| 3 | ശമ്പളം | : | ₹ 18000-41500 |
| 4 | ഒഴിവുകളുടെ എണ്ണം | : | 04 (നാല്) |

**ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.**

**കുറിപ്പ് :**

1)മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡിൽ നിന്നും ഡ്രൈവർ ഗ്രേഡ്-II തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിന് മാറ്റിവച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ് . ടി. സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ ഡ്രൈവർ ഗ്രേഡ്-II തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് മത്സ്യത്തൊഴിലാളികൾ/മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ് . മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റിവിഭാഗം ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. 1958 ലെ കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ ഈ ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് ബാധകമല്ല.

2) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ

തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി മൂന്ന് വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലായെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതു വരയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്. മേൽ പരാമർശിച്ചിരിക്കുന്ന ഒഴിവിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ, മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന ഒഴിവുകളിലേക്കും ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

3) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

4) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

| | | | |
|---|---|---|---|
| **5** | നിയമന രീതി | : | മത്സ്യത്തൊഴിലാളി/മത്സ്യതൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം. |
| **6** | പ്രായം | : | 18–40, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2004–നുമിടയിൽ ജനിച്ചവരായിരിക്കണം. രണ്ടു തീയതികളും ഉൾപ്പെടെ) |

**7. യോഗ്യതകൾ**

1)അപേക്ഷകൻ/അപേക്ഷക മത്സ്യത്തൊഴിലാളി / മത്സ്യതൊഴിലാളിയുടെ ആശ്രിതനായിരിക്കണം.

2)എസ്.എസ്.എൽ.സി അല്ലങ്കിൽ തത്തുല്യ യോഗ്യത

3)ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചു കൊണ്ടുള്ളതും ചുരുങ്ങിയത് മൂന്നു വർഷമായി പ്രാബല്യത്തിലുള്ളതുമായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. (അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും എഴുത്തു പരീക്ഷാ തീയതി,പ്രായോഗിക പരീക്ഷാ തീയതി. ഇന്റർവ്യൂ തീയതി, നിയമന തീയതി എന്നീ തീയതികളിൽ നിലവിലുള്ളതായിരിക്കണം ഡ്രൈവിംഗ് ലൈസൻസ്).

4)മെഡിക്കൽ ഫിറ്റ്നസ് :

(i) ചെവി : പരിപൂർണ്ണ ശ്രവണ ശക്തി ഉണ്ടായിരിക്കണം

(ii) കണ്ണ് : (രണ്ടു കണ്ണുകളും)

| | | |
|---|---|---|
| ദൂരക്കാഴ്ച | : | 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | : | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : | സാധാരണം |

നിശാന്ധത : ഇല്ലായിരിക്കണം

(iii) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളുംആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(iv) നാഡീവ്യവസ്ഥ : പൂർണ്ണമായും സാധാരണ നിലയിലുള്ളതായിരിക്കണം. പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

കുറിപ്പ് (1) : ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള T ടെസ്റ്റ് ഉൾപ്പെടെയുള്ള പ്രായോഗിക പരീക്ഷ കമ്മീഷൻ നടത്തുന്നതാണ്. T ടെസ്റ്റിൽ വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിന് പങ്കെടുപ്പിക്കുകയുള്ളൂ.

(2) : ഫിസിക്കൽ ഫിറ്റ്നസിനെ സംബന്ധിച്ച് അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റും കാഴ്ചയെ സംബന്ധിച്ച് സർക്കാർ സർവ്വീസിലുള്ള ഓഫ് താൽ മോളജിസ്റ്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും (നിശ്ചിത മാതൃകയിൽ) വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകകൾ ചുവടെ ചേർക്കുന്നു.

## ഫിസിക്കൽ ഫിറ്റ്നസ് സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക

## FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER

(To be filled up by a Medical Officer not below the rank of an Assistant Surgeon)

1. What is the applicant's apparent age ?
2. Is the applicant to the best of your judgment, subject to epliepsy, vertigo or any mental ailment likely to affect his efficiency ?
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a driver ?
4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals ? Is his hearing perfect ?
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver ?
6. State of Muscles and Joints (No paralysis and all joints with free movements)
7. State of Nervous System (Perfectly normal and free from any infectious diseases)
8. Does he show any evidence of being addicted to the extensive use of alcohol, tobacco or any intoxicants ?
9. Marks of Identification

(1) . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

(2) . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

He is physically fit for the post of . . . . . . . . . .. . . . . . . . . . . . . . . . . . . .

I certify to the best of my knowledge and belief that the applicant Shri. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical Officer shall be affixed on the photograph)

Passport size photograph of the candidate

Signature :

Name :

Place : Designation & Official Address :

Date :

(Office Seal)

<u>കാഴ്ചയെ സംബന്ധിച്ച് ഓഫ് താൽമോളജിസ്റ്റിൽ നിന്നും ഹാജരാക്കേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃക</u>

## FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER

(To be filled up by an Ophthalmologist in Government Service)

1. Is there any defect of vision ?

If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.

2. Can the applicant readily distinguish the pigmentary colours red and green

3. Does the applicant suffer from night blindness ?

I have this day medically examined Shri. . . . . . . . . . . . . . . . . . . . . . . . . . . . . . . . . and found that he has no defect of vision which would render him unsuitable for the post of Driver and his standards of vision are as follows :

Standard of Vision

*(Eye sight without glasses)*

| | | *Right Eye* | |
|---|---|---|---|
| 1 | Distant Vision | . . . . . . . Snellen | |
| 2 | Near Vision | . . . . . . Snellen | |

3. Field of Vision . . . . . . . . . . . . . . . . . . . . . . .(specify whether full or not. Entry 'Normal', 'Good' etc. will be inappropriate here)

4. Colour blindness

5. Squint

6. Any morbid conditions of the eyes or lids of either eye.

His standards of vision are fit for the post of Driver.

I certify to the best of my knowledge and belief that the applicant Shri. . . . . . . . . . . . . . . . . . . . . is the person herein above described and that the attached photograph has a reasonably correct likeness.

(The Signature of the Ophthalmologist shall be affixed on the photograph leaving the face clear).

| Passport size photograph of the candidate |
|---|

Signature :

Name :

Place : Designation & Official Address :

Date :

(Office Seal)

*Note :- Details regarding standards of vision should be clearly stated in the certificate, as given above and vague statements such as vision Normal etc. won't be accepted. Specification for each eye should be stated separately. Special attention should be directed to the distant vision. Required standard of vision are as follows.*

| | | *Right Eye* | *Left Eye* |
|---|---|---|---|
| 1 | Distant Vision | ...............6/6 Snellen | ........6/6 Snellen |
| 2 | Near Vision | .............0.5 Snellen | ........0.5 Snellen |
| 3 | Each eye must have full field of vision. | | |

**കുറിപ്പ് :**

1) Rule 10(a)(ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

2) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

3) ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

4) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി തങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റ് ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ

റവന്യൂ വകുപ്പിലെ അധികാരിയിൽ നിന്നു വാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്.മത്സ്യത്തൊഴിലാളി എന്നർത്ഥമാക്കുന്നത് ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെട്ട ആൾ. മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ എന്നർത്ഥമാക്കുന്നത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയുടെ ആശ്രിതനായ മകൻ/മകൾ/ഭാര്യ/ഭർത്താവ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന മരണപ്പെട്ട വ്യക്തിയുടെ, ആശ്രിതനായ മകൻ/മകൾ /ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ). പ്രസ്തുത **സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ.** സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിൽ ആയിരിക്കേണ്ടതാണ്.

## സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്

ശ്രീ/ശ്രീമതി........................................................ (ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) എന്ന ഉദ്യോഗാർത്ഥി ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ശ്രീ/ശ്രീമതി........................ (പേര്)എന്ന ആളുടെ ആശ്രിതനായ മകൻ/മകൾ, ഭാര്യ/ഭർത്താവ്ആണെന്ന്/മത്സ്യ ബന്ധനത്തിലേർപ്പെട്ടിരുന്ന ശ്രീ/ശ്രീമതി........................ (പേര്)എന്ന മരണപ്പെട്ട ആളുടെ മകൻ/മകൾ, ഭാര്യ/ഭർത്താവ്, അച്ഛൻ/അമ്മ ആണെന്ന് എന്റെ അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് , പേര്
ഫിഷറീസ് ഓഫീസർ

സ്ഥലം:
തീയതി: (ഓഫീസ് മുദ്ര)

## സാക്ഷ്യപത്രം

ശ്രീ/ശ്രീമതി........................................................ (ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) നെ സംബന്ധിച്ച വിവരങ്ങൾ ഫിഷറീസ് ഓഫീസറിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ ടിയാൾ മത്സ്യത്തൊഴിലാളി ആണെന്ന് /മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ശ്രീ/ശ്രീമതി........................ (പേര്)എന്ന ആളുടെ ആശ്രിതനായ മകൻ/മകൾ/ഭാര്യ/ഭർത്താവ്ആണെന്ന്/മത്സ്യ ബന്ധനത്തിലേർപ്പെട്ടിരുന്ന ശ്രീ/ശ്രീമതി........................ (പേര്)എന്ന മരണപ്പെട്ട ആളുടെ മകൻ/മകൾ/ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ ആണെന്ന് എന്റെ അന്വേഷണത്തിൽ ബോധ്യമായിട്ടുള്ളതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് ,
പേര് ,ഉദ്യോഗപ്പേര്
(വില്ലേജ് ആഫീസർ / തഹസിൽദാർ

സ്ഥലം:
തീയതി: (ഓഫീസ് മുദ്ര)

കുറിപ്പ് :

1) മത്സ്യത്തൊഴിലാളി – ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെടുന്ന ആൾ

2) മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ എന്നർത്ഥമാക്കുന്നത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയുടെ ആശ്രിതനായ മകൻ/ മകൾ /ഭാര്യ/ഭർത്താവ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന മരണപ്പെട്ട വ്യക്തിയുടെ, ആശ്രിതനായ മകൻ/മകൾ /ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ.

3) മേൽ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ് .

## 8 അപേക്ഷ സമർപ്പിക്കേണ്ട വിധം

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി "ഒറ്റത്തവണ രജിസ്ട്രേഷൻ" പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്തശേഷം സ്വന്തം പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification link ലെ Apply now ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31.12.2012–ന് ശേഷം എടുത്തതായിരിക്കണം. **പുതുതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ upload ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My Applications' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത,പരിചയം, ജാതി, വയസ്സ്, മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി മുതലുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of Procedure 1976 ലെ ചട്ടം 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **30.03.2022** ബുധനാഴ്ച രാത്രി 12 മണി വരെ

10 അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം : www.keralapsc.gov.in

11 പൊതു വ്യവസ്ഥകളിലെ 2, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(ഫോട്ടോ, ഐ.ഡി. കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ വായിച്ചു നോക്കുക)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**